LIBRARY ARCHIVES Kerala Legislative Assembly

## വൈദ്യുതോത്പാദന മേഖല ശക്തിപ്പെടുത്തുന്നതിന് പദ്ധതികൾ

200(5359) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതോത്പാദന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കാനും പുതിയ പദ്ധതികൾ ഏറ്റെടുക്കാനും തീരുമാനിച്ചിട്ടുണ്ടോ?

സ്ഥലപരിമിതിയും പൊതുജനങ്ങളുടെ എതിർപ്പുംമൂലം താപനിലയങ്ങളും വനഭൂമി-പരിസ്ഥിതി സംബന്ധമായ കാരണങ്ങളാൽ ജലവൈദ്യുത പദ്ധതികളും തുടങ്ങുവാൻ സാധിക്കാത്ത അവസ്ഥയാണ്. ചെറുകിട ജലവൈദ്യുത പദ്ധതികളും സൗരോർജ്ജ പദ്ധതികളുമാണ് നിലവിൽ സംസ്ഥാനത്തിനുള്ളിൽ നടപ്പിലാക്കി വരുന്നത്. പുതിയ ജലവൈദ്യുത പദ്ധതികൾ: സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-യുടെ കീഴിൽ ആകെ 193.5 MW സ്ഥാപിത ശേഷിയുള്ള ഭൂതത്താൻകെട്ട് (24 MW), പെരുവണ്ണാമൂഴി (6 MW), പള്ളിവാസൽ എക്സ്റ്റൻഷൻ (60 MW), പൊരിങ്ങൽക്കുത്ത് (24 MW), തോട്ടിയാർ (40 MW), ചിന്നാർ (24 MW) അപ്പർകല്ലാർ (2 MW), ചാത്തൻകോട്ട്നട (6 MW), പഴശ്ശിസാഗർ (7.5 MW) തുടങ്ങിയ ജല വൈദ്യുത പദ്ധതികളുടെയും 85 ദശലക്ഷം യൂണിറ്റ് അധിക സംഭരണശേഷി ലഭ്യമാക്കുന്ന ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതിയുടെയും നിർമ്മാണം പുരോഗമിക്കുന്നു. ഈ ജലവൈദ്യുത പദ്ധതികൾ പൂർത്തിയാകുമ്പോൾ വാർഷിക ഉത്പാദന ശേഷി 539.20 ദശലക്ഷം യൂണിറ്റ് വർദ്ധിക്കും. ചെറുകിട ജലവൈദ്യുത പദ്ധതികളായ ആനക്കയം (7.5 MW) ഓലിക്കൽ (5 MW), പൂവാരംതോട് (3 MW), മാരിപ്പുഴ (6 MW) എന്നീ പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഇടുക്കി ജലവൈദ്യുതി പദ്ധതിയുടെ ഭാഗമായി 780 MW കൂട്ടിച്ചേർക്കുന്നതു സംബന്ധിച്ച് സാധ്യതാപഠനം നടത്തി വിശദമായ പദ്ധതി രൂപം തയ്യാറാക്കുന്നതിനുള്ള കരാറും നൽകിയിട്ടുണ്ട്. കൂടാതെ അപ്പർ ചെങ്കുളം, (24 MW), ലാഡ്രം (3.5 MW), ചെമ്പുകടവ് III (7.5 MW), മാങ്കുളം (40 MW), പീച്ചാട് (3 MW), വെസ്റ്റേൺകല്ലാർ (5 MW), വളാംതോട് (7.5 MW), കീരിത്തോട് (12 MW), പശുക്കടവ് (4 MW), ചാത്തൻകോട്ട്നട (5 MW), മാർമ്മല (7 MW) എന്നിവിടങ്ങളിലായി ആകെ 118.5 മെഗാവാട്ട് ശേഷിയുള്ള 11 ജലവൈദ്യുത പദ്ധതികളും പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നിലവിലെ പ്രതികൂല സാഹചര്യങ്ങളിലും കേരളത്തിൽ 310 MW സൗരോർജ്ജ നിലയങ്ങളിൽ നിന്നും 70 MW കാറ്റാടിപ്പാടങ്ങളിൽ നിന്നും ഉത്പാദിപ്പിക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജ കേരളമിഷന്റെ ഭാഗമായി ആയിരം മെഗാവാട്ട്

LIBRARY ARCHIVES Kerala Legislative Assembly

സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയാണ് സൗര. 500 മെഗാവാട്ട് പുരപ്പുറ സൗരനിലയങ്ങളിൽ നിന്നും ശേഷിക്കുന്നവ സോളാർപാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെ വിവിധ മാർഗ്ഗങ്ങളിലൂടെ കൈവരിക്കാനുമുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. കിഫ്ബി ധനസഹായത്തോടെ സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറത്ത് സൗരോർജ്ജനിലയങ്ങൾ സ്ഥാപിക്കുന്നതിന് 250 കോടി രൂപ കേരളസർക്കാർ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുരപ്പുറ നിലയങ്ങളിൽനിന്നും ഡിസംബർ 2021-ഓടു കൂടി 35 MW ശേഷിയുള്ള നിലയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. സംസ്ഥാനത്ത് വൈദ്യുതോല്പാദന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2012-ലെ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. നയപ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ ഏറ്റവും നേരത്തെ നടപ്പിലാക്കുന്നതിനുള്ള മേൽനോട്ടം നടത്തുന്നുണ്ട്. പുതിയ സാദ്ധ്യതകൾ പരീക്ഷിക്കണമെന്ന ഉദ്ദേശത്തോടുകൂടി കനാലുകളിലെ ഒഴുക്കിൽ നിന്ന് (ഹൈഡ്രോകൈനറ്റിക്ക് സാങ്കേതികം) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് Expression of Interest (EOI) വിളിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ സാധ്യതയുള്ള ഇടങ്ങൾ കണ്ടെത്തിയതിനുശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ സൗരോർജ്ജവും കാറ്റിൽ നിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തി ബാറ്ററി സംഭരണത്തോടുകൂടിയുള്ള അക്ഷയ ഊർജ്ജ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനം പൂർത്തിയായി. അടുത്ത ഘട്ട പ്രവർത്തനം ഈ വർഷം പൂർത്തിയാക്കുന്നതാണ്.

(ബി) ഇടുക്കിയിൽ രണ്ടാം നിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടക്കുന്നുണ്ടോ; ജലവൈദ്യുത പദ്ധതികളുടെ കാലപ്പഴക്കം പരിഗണിച്ച് നവീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

ഇടുക്കിയിൽ 780 MW ശേഷിയുള്ള രണ്ടാം നിലയത്തിന്റെ സാധ്യതാ പഠനം നടക്കുന്നു. ഇടുക്കിയിൽ നിലവിലുള്ള നിലയത്തിന്റെ രണ്ടാം ഘട്ടം (3 x 130 MW) പുനരുദ്ധാരണത്തിനു വേണ്ടിയുള്ള RLA പഠനം നടത്തുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ജലവൈദ്യുത പദ്ധതികളായ ഇടുക്കി ഒന്നാം ഘട്ടം (3 x 130 MW), ഷോളയാർ (3 x 18 MW) എന്നീ നിലയങ്ങളുടെ പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾ പൂർത്തിയായി. കുറ്റ്യാടി (3 x 25 MW to 3 x 27.5 MW) നവീകരണ പദ്ധതി പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പുരപ്പുറ സൗരോർജ്ജോത്പാദന പദ്ധതിയിൽ കൈവരിക്കാനായ നേട്ടം അറിയിക്കാമോ; കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിലുള്ള ഡാമുകളിൽ ബാണാസുര സാഗർ മാതൃകയിൽ ഫ്ലോട്ടിംഗ് സോളാർ പാനലുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ മുഖേന 3.782 MW ശേഷി നിലയങ്ങൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 8 MW നിലയങ്ങൾ പൂർത്തീകരിച്ച് ടെസ്റ്റിംഗ് ഘട്ടത്തിലാണ്. 12.5 MW നിലയങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിലുള്ള ഡാമുകളിലെ റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന്റെ പഠനങ്ങൾ നടന്നുവരുന്നു. കേന്ദ്രസർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (SECI) മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാൻ ലക്ഷ്യമിടുന്നുണ്ട്. ഈ പദ്ധതിയുടെ തുടർനടപടികൾ വനം വകുപ്പിന്റെ എൻ.ഒ.സി കിട്ടിയതിനുശേഷമേ സാധിക്കുകയുള്ളൂ. വനം വകുപ്പിന്റെ അന്തിമ അനുമതിക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. ഇടുക്കി റിസർവോയറിൽ എൻ.റ്റി.പി.സി വിശദമായി പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 25 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി ചെറുതോണിയിലും 100 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി അഞ്ചുരുളിയിലും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. പദ്ധതിക്ക് വനം വകുപ്പിന്റെ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. അനെർട്ട് മുഖേന സംസ്ഥാനത്ത് 15,299 വീടുകളിലും 362 സ്ഥാപനങ്ങളിലുമായി 34.7 മെഗാവാട്ട് ശേഷിയുള്ള പുരപ്പുറ സൗരോർജ്ജോല്പാദന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ചെലവിലുണ്ടാകുന്ന വർദ്ധനവിനാനുപാതികമായി നിരക്കുവർദ്ധന അപ്രായോഗികമായതിനാൽ ചെലവു കുറയ്ക്കാനായി പ്രസരണ വിതരണ രംഗത്തെ നഷ്ടവും പ്രവർത്തന ചെലവും കുറയ്ക്കാൻ പരിപാടിയുണ്ടോ എന്നറിയിക്കാമോ?

ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021 തുടങ്ങി കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ പ്രസരണ-വിതരണ നഷ്ടം കുറച്ചുകൊണ്ടു വരികയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ്. കേന്ദ്രസർക്കാർ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള Revamped Distribution Sector Scheme മുഖേനയും വിതരണ നഷ്ടം കുറച്ചുകൊണ്ടുവരാനുതകുന്ന പ്രവൃത്തികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. അതോടൊപ്പം കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചും വൈദ്യുതി വാങ്ങൽച്ചെലവ് കഴിയുന്നതും കുറച്ച് ചെലവ് നിയന്ത്രിക്കാനും നടപടികൾ കൈക്കൊള്ളുന്നു. മാനുഷിക വിഭവശേഷിയുടെ പുനർവിന്യാസത്തിലൂടെ ശമ്പളച്ചെലവ് വർദ്ധിക്കാതെതന്നെ കൂടുതൽ കാര്യശേഷി വർദ്ധിപ്പിക്കാനും ശ്രമം തുടരുന്നു.